LIBRARY ARCHIVES Kerala Legislative Assembly

ബയോമെഡിക്കൽ മാലിന്യ നിർമ്മാർജ്ജനത്തിന് സ്വന്തമായി സംവിധാനം ഏർപ്പെടുത്തുന്നത് ഭാരിച്ച ചെലവ് വരുന്നതിനാൽ പൊതു സംവിധാനം ഏർപ്പെടുത്തുന്നതാണ് അഭികാമ്യം. ബയോമെഡിക്കൽ മാലിന്യ സംസ്കരണം കൂടുതൽ കാര്യക്ഷമമാക്കുക എന്നാദ്ദേശിച്ചാണ് കൂടുതൽ പൊതു സംവിധാനങ്ങൾ സ്ഥാപിക്കുവാൻ നടപടികൾ കൈക്കൊള്ളുന്നത്.

(സി) കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KEIL), മലബാർ എൻവിറോ വിഷൻ പ്രൈവറ്റ് ലിമിറ്റഡ്, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ എന്നീ മൂന്ന് ഏജൻസികൾക്കാണ് മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും സ്ഥാപനാനുമതി നൽകിയിരിക്കുന്നത്.

(ഡി) പദ്ധതികൾക്കായി മുന്നോട്ടുവന്ന മൂന്ന് ഏജൻസികളും ബോർഡിന്റെ സ്ഥാപനാനുമതി നേടിയിട്ടുണ്ട്. ബഹുമാനപ്പെട്ട നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം പൊതു ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജന സംവിധാനത്തിന് എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് നോട്ടിഫിക്കേഷൻ പ്രകാരമുള്ള പാരിസ്ഥിതിക അനുമതി ആവശ്യമാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

നാളേക്കിത്തിരി ഊർജ്ജം പദ്ധതി

1 (7837) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. പാലോട് രവി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് "നാളേക്ക് ഇത്തിരി ഊർജ്ജം" പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ : വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം തരം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ;

(ഡി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്. കെ.എസ്.ഇ.ബി.-യും എനർജി മാനേജ്മെന്റ് സെന്ററും വിദ്യാഭ്യാസ വകുപ്പും ചേർന്ന് നടപ്പിലാക്കിയ എനർജി സ്മാർട്ട് സ്കൂൾ പദ്ധതിയുടെ ഭാഗമായാണ് 2011-12 കാലയളവിൽ "നാളേക്കിത്തിരി ഊർജ്ജം" പദ്ധതി നടപ്പിലാക്കിയത്.

(ബി) ഊർജ്ജ സംരക്ഷണം പാഠ്യപദ്ധതികളുടെ ഭാഗമാക്കി വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും പ്രാദേശിക കൂട്ടായ്മകളിലൂടെ ഊർജ്ജ സംരക്ഷണം സാദ്ധ്യമാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

(സി) കേരളത്തിലെ എല്ലാ സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന പരിപാടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1. ഊർജ്ജ സംരക്ഷണ പദ്ധതികൾ തയ്യാറാക്കൽ
2. അദ്ധ്യാപക പരിശീലന പരിപാടികൾ
3. പാഠ്യവിഷയങ്ങളിലൂടെ ഊർജ്ജ സംരക്ഷണത്തിൽ പ്രായോഗിക പരിജ്ഞാനം
4. ഊർജ്ജ സംരക്ഷണ മത്സരപരിപാടികൾ

എനർജി മാനേജ്മെന്റ് സെന്റർ നടപ്പാക്കുന്ന പദ്ധതികൾ

2 (7838) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. ശെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എനർജി മനേജ്മെന്റ് സെന്റർ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) ഊർജ്ജ സംരക്ഷണത്തിനും വിവിധ മേഖലകളിലെ ഊർജ്ജം ലാഭിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എത്ര കോടി രൂപ പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly